# സൂറ – 28 / അൽ ഖസ്വസ്വ്

**സൂക്തം: 18 – 22**

പ്രവാചകന്മാരുടെ പലായനത്തിന്റെ സമയവും ലക്ഷ്യവും മാർഗവുമെല്ലാം അല്ലാഹു നേരത്തേ നിർദേശിച്ചിട്ടുണ്ടായിരിക്കും. അഭൗതികമായ മാർഗദർശനങ്ങളൊന്നുമില്ലാതെ അല്ലാഹുവിന്റെ സംരക്ഷണത്തിൽ പ്രതീക്ഷയർപ്പിച്ചുകൊണ്ടുള്ളതായിരുന്നു മൂസാ(അ)യുടെ പ്രവാചകത്വപൂർവ പലായനം. സത്യത്തിന്റെ മാർഗത്തിൽ കൊടിയ പരീക്ഷണങ്ങളിലകപ്പെടുന്ന എല്ലാവർക്കും ഇതിൽ വലിയ പാഠമുണ്ട്. അല്ലാഹുവിൽ സർവസ്വം സമർപ്പിച്ചുകൊണ്ട് മുന്നോട്ടു പോകുന്നവരെ അവൻ കൈവിടില്ല എന്നതാണത്. അവരെ അവൻ ഏതെങ്കിലും സുരക്ഷിത സങ്കേതത്തിലെത്തിക്കും.



فَأَصْبَحَ فِي الْمَدِينَةِ خَائِفًا يَتَرَقَّبُ فَإِذَا الَّذِي اسْتَنصَرَهُ بِالْأَمْسِ يَسْتَصْرِخُهُ قَالَ لَهُ مُوسَىٰ إِنَّكَ لَغَوِيٌّ مُّبِينٌ ﴿١٨﴾

18. പിറ്റേന്ന് പ്രഭാതത്തിൽ അദ്ദേഹം ഭീതിതനായി നാലുപാടും നിരീക്ഷിച്ചുകൊണ്ട് നഗരത്തിലേക്കിറങ്ങി. അപ്പോഴതാ ഇന്നലെ തന്നോട് സഹായമഭ്യർഥിച്ചവൻ ഇന്നും സഹായത്തിനായി നിലവിളിക്കുന്നു. മൂസാ അവനോട് കയർത്തു: തീർച്ചയായും വല്ലാത്ത വഴക്കാളി തന്നെയാണ് നീ.

فَلَمَّا أَنْ أَرَادَ أَن يَبْطِشَ بِالَّذِي هُوَ عَدُوٌّ لَّهُمَا قَالَ يَا مُوسَىٰ أَتُرِيدُ أَن تَقْتُلَنِي كَمَا قَتَلْتَ نَفْسًا بِالْأَمْسِ إِن تُرِيدُ إِلَّا أَن تَكُونَ جَبَّارًا فِي الْأَرْضِ وَمَا تُرِيدُ أَن تَكُونَ مِنَ الْمُصْلِحِينَ ﴿١٩﴾

19. തുടർന്ന് മൂസാ തന്റെയും അവന്റെയും ശത്രുവായിട്ടുള്ളയാളെ പിടിക്കാൻ തുനിഞ്ഞപ്പോൾ അവൻ വിളിച്ചുപറഞ്ഞു: ഹേ, മൂസാ, നീ ഇന്നലെ ഒരാളെ കൊന്നിട്ടുള്ളതുപോലെ ഇന്ന് എന്നെയും കൊല്ലാൻ തുനിയുകയാണോ? ഇന്നാട്ടിലെ മഹാ ഗുണ്ടയാവാൻ തന്നെയാണ് നിന്റെ ഭാവം. സംസ്കർത്താക്കളുടെ കൂട്ടത്തിലാവുകയല്ല നിന്റെ ഉദ്ദേശ്യം.

وَجَاءَ رَجُلٌ مِّنْ أَقْصَى الْمَدِينَةِ يَسْعَىٰ قَالَ يَا مُوسَىٰ إِنَّ الْمَلَأَ يَأْتَمِرُونَ بِكَ لِيَقْتُلُوكَ فَاخْرُجْ إِنِّي لَكَ مِنَ النَّاصِحِينَ ﴿٢٠﴾

20. ഒരാൾ നഗരപ്രാന്തത്തിൽനിന്ന് ഓടി വന്നിട്ട് പറഞ്ഞു: ഓ മൂസാ, നാട്ടുമുഖ്യന്മാർ സഭ കൂടി നിന്നെ വധിക്കാൻ ആലോചിക്കുന്നുണ്ട്. ഉടനെ നാടുവിട്ടുകൊള്ളുക. ഞാൻ നിന്റെ ഗുണകാംക്ഷിയാകുന്നു.

**18–20**

فَأَصْبَحَ = പ്രഭാതം(ത്തിൽ) ആയി فِي الْمَدِينَةِ = നഗരത്തിൽ (അദ്ദേഹം ഇറങ്ങി)

خَائِفًا يَتَرَقَّبُ = ഭീതിതനായി (നാലുപാടും) നിരീക്ഷിച്ചുകൊണ്ട് فَإِذَا = അപ്പോഴതാ

الَّذِي اسْتَنصَرَهُ = തന്നോട് സഹായമഭ്യർഥിച്ചവൻ بِالْأَمْسِ = ഇന്നലെ

يَسْتَصْرِخُهُ = തന്നോട് സഹായത്തിനായി നിലവിളിക്കുന്നു قَالَ لَهُ مُوسَىٰ = അവനോടു പറഞ്ഞു (കയർത്തു)

إِنَّكَ لَغَوِيٌّ = തീർച്ചയായും നീ മൂഢൻ, വഴിപിഴച്ചവൻ തന്നെയാണ് مُّبِينٌ = തെളിഞ്ഞ (വല്ലാത്ത)

فَلَمَّا أَنْ أَرَادَ = (തുടർന്ന്) അദ്ദേഹം തുനിഞ്ഞപ്പോൾ أَن يَبْطِشَ = പിടിക്കാൻ

بِالَّذِي هُوَ عَدُوٌّ لَّهُمَا = അവർ രണ്ടു പേരുടെയും ശത്രുവായിട്ടുള്ളവനെ قَالَ = അവൻ (വിളിച്ചു) പറഞ്ഞു

يَا مُوسَىٰ = ഹേ, മൂസാ أَتُرِيدُ = നീ ഉദ്ദേശിക്കുക, തുനിയുകയാണോ أَن تَقْتُلَنِي = നീ എന്നെ കൊല്ലാൻ

كَمَا قَتَلْتَ نَفْسًا = നീ ഒരു ജീവനെ (ഒരാളെ) കൊന്നിട്ടുള്ളതുപോലെ

بِالْأَمْسِ = ഇന്നലെ إِن تُرِيدُ = നീ ഉദ്ദേശിക്കുന്നില്ല (നിന്റെ ഭാവം)
إِلَّا أَن تَكُونَ جَبَّارًا = നിഷ്ഠുര മർദകൻ ആവാൻ അല്ലാതെ (മഹാഗുണ്ടയാവാൻ തന്നെയാണ്)
فِي الْأَرْضِ = ഭൂമിയി(ഈ നാട്ടി)ൽ وَمَا تُرِيدُ = = നീ ഉദ്ദേശിക്കുന്നില്ല (നിന്റെ ഉദ്ദേശ്യം അല്ല)
أَن تَكُونَ = നീ ആകുവാൻ مِنَ الْمُصْلِحِينَ = സംസ്കർത്താക്കളുടെ കൂട്ടത്തിൽ പെട്ടവൻ
وَجَاءَ رَجُلٌ = ഒരാൾ വന്നു مِّنْ أَقْصَى الْمَدِينَةِ = നഗരപ്രാന്തത്തിൽനിന്ന്, നഗരകേന്ദ്രത്തിൽനിന്ന്
يَسْعَىٰ = ഓടിക്കൊണ്ട്, പ്രയത്നിച്ചുകൊണ്ട് قَالَ = അദ്ദേഹം പറഞ്ഞു يَا مُوسَىٰ = ഓ മൂസാ
إِنَّ الْمَلَأَ يَأْتَمِرُونَ = നാട്ടുമുഖ്യന്മാർ സഭകൂടി ആലോചിക്കുന്നുണ്ട് بِكَ لِيَقْتُلُوكَ = നിന്നെ വധിക്കാൻ
فَاخْرُجْ = അതിനാൽ നീ പുറപ്പെടുക (ഉടൻ നാടുവിട്ടു പൊയ്ക്കൊള്ളുക)
إِنِّي لَكَ = ഞാൻ നിനക്ക് (നിന്റെ) مِنَ النَّاصِحِينَ = ഗുണകാംക്ഷികളിൽ പെട്ടവനാകുന്നു

താനിക്കു പറ്റിയ കൈയബദ്ധത്തിന്റെ ഗൗരവമോർത്ത് മൂസാ (അ) ചകിതനായി. വരേണ്യ വർഗത്തിൽപെട്ട ഒരു പൗരൻ കൊല്ലപ്പെട്ടത് ആളുകൾ അറിയാതെ പോകില്ല. കൊലയാളിയെ തെരഞ്ഞു പിടിച്ച് വിചാരണ ചെയ്യാൻ ജനങ്ങളും ഭരണകൂടവും ശ്രമിക്കുമെന്ന കാര്യം ഉറപ്പാണ്. അടിമ വിഭാഗത്തിൽപെട്ടവനാണ് പ്രതിയെന്നറിയുമ്പോൾ കുറ്റത്തിന്റെ ഗൗരവവും ശിക്ഷയുടെ കാഠിന്യവും കൂടും. അതുകൊണ്ട് ആരെങ്കിലും തന്നെ സംശയത്തോടെ നോക്കുന്നുണ്ടോ, താനാണ് കൊലയാളിയെന്ന് തിരിച്ചറിയുന്നുണ്ടോ എന്നൊക്കെ ജാഗ്രതയോടെ നിരീക്ഷിച്ചുകൊണ്ടാണ് പിറ്റേന്ന് അദ്ദേഹം നഗരത്തിലേക്കിറങ്ങിയത്. ഭയത്തോടെ, അനിഷ്ടം പ്രതീക്ഷിച്ചുകൊണ്ട് നിരീക്ഷിക്കുന്നതിന് خَائِفًا يَتَرَقَّبُ എന്നു പറയും.

മൂസാ നബിയുടെ ഭയം അസ്ഥാനത്തായിരുന്നില്ല. കൊലപാതകം നാട്ടിൽ വൻ വാർത്തയാവുകയും മൂസാ സംശയിക്കപ്പെടുകയും കേസ് ഭരണകൂടത്തിന്റെ പരിഗണനയിലെത്തുകയും ചെയ്തിരുന്നു. അദ്ദേഹം അങ്ങനെ നടക്കുമ്പോഴതാ ഒരു നിലവിളി കേൾക്കുന്നു. നോക്കുമ്പോൾ ഇന്നലെ താൻ രക്ഷിച്ച ഇസ്രാഈല്യൻ ഇന്നു തന്നോട് സഹായം തേടുകയാണ്. ഏറക്കുറെ പര്യായങ്ങളാണ് استنصار - إستصراخ - استغاثة എന്നീ പദങ്ങൾ. ആദ്യത്തേത് സാമാന്യമായ സഹായാർഥന. രണ്ടാമത്തേത് സഹായത്തിനു വേണ്ടിയുള്ള നിലവിളി. മൂന്നാമത്തേത് സഹായത്തിനുവേണ്ടി താഴ്മയോടെ നടത്തുന്ന പ്രാർഥനയും.

ആ ഇസ്രാഈലി ഇന്നും അടിപിടികൂടുന്നത് ഒരു ഖിബ്ത്വിയുമായി തന്നെയാണ്. ഇതുകണ്ട് മൂസാ(അ) അയാളോട് കോപിച്ചു: ''തീരെ ബുദ്ധികെട്ട വഴക്കാളി തന്നെയാണ് നീ.'' മൗഢ്യവും അവിവേകവും മൂത്ത അവസ്ഥയായ غواية -ൽനിന്നുള്ള കർതൃപദമാണ് غَوِيٌّ. വഴക്കാളികളായ സ്വന്തക്കാരെ ആപത്തിൽനിന്ന് രക്ഷിക്കുന്ന വിവേകശാലികൾ ആപത്തിൽ ചെന്നുചാടിയവരുടെ മൗഢ്യത്തെയും അവിവേകത്തെയും ആക്ഷേപിക്കുക സാധാരണമാണല്ലോ. ഇങ്ങനെ ആക്ഷേപമുതിർത്തുകൊണ്ട് മുന്നോട്ടുവരുന്ന മൂസാ(അ) തന്നെ ആക്രമിക്കാൻ തുനിയുകയാണെന്നാണ് വിഡ്ഢിയായ ഇസ്രാഈലി കരുതിയത്. തുടർന്ന് അയാൾ വിളിച്ചുപറഞ്ഞു: ''ഇന്നലെ ഒരാളെ കൊല ചെയ്തതുപോലെ ഇന്ന് എന്നെയും കൊല്ലാൻ തുനിയുകയാണോ നീ? നാട്ടിൽ മഹാ ഗുണ്ടയാവാൻ തന്നെയാണ് നീ ശ്രമിക്കുന്നത്. അല്ലാതെ മര്യാദക്കാരനാവാനല്ല.'' ഈ പ്രസ്താവന നടത്തിയത് ഇസ്രാഈല്യനല്ല, അയാളുടെ പ്രതിയോഗിയായ ഖിബ്ത്വിയായിരുന്നുവെന്നും അയാൾ തന്റെ പ്രതിയോഗിയായ ഇസ്രാഈല്യനിൽനിന്ന് തലേന്നത്തെ സംഭവം അറിഞ്ഞിട്ടുണ്ടായിരിക്കണമെന്നും ഇമാം റാസി ഉൾപ്പെടെയുള്ള ചില വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിരിക്കുന്നു. സൂക്തത്തിന്റെ പ്രത്യക്ഷഘടന അതാണ് താൽപര്യപ്പെടുന്നത്. കൂടാതെ إِن تُرِيدُ ....... الْمُصْلِحِينَ എന്ന വാക്യം ഒരു സത്യനിഷേധിയുടേതായിരിക്കാനേ തരമുള്ളൂ എന്നും അദ്ദേഹം നിരീക്ഷിക്കുന്നു. കൂടുതൽ യുക്തിസഹമായിട്ടുള്ളതും അധിക പണ്ഡിതന്മാർ സ്വീകരിച്ചിട്ടുള്ളതും ആദ്യത്തെ വ്യാഖ്യാനമാകുന്നു.

ഖിബ്ത്വിയെ عَدُوٌّ لَّهُمَا -രണ്ടു പേരുടെയും ശത്രു- എന്ന് വിശേഷിപ്പിച്ചത് അയാൾക്കും മൂസാ നബിക്കുമിടയിൽ വ്യക്തിപരമായ വല്ല ശത്രുതയും നിലനിൽക്കുന്നതുകൊണ്ടല്ല. ഖിബ്ത്വികൾ പൊതുവിൽ മുഴുവൻ ഇസ്രാഈല്യരുടെയും ശത്രുക്കളായതിനാൽ മൂസായുടെയും ശത്രുവാകുന്നു എന്ന അർഥത്തിലാണ്.

യഥാർഥത്തിൽ മൂസാ(അ) തുനിഞ്ഞത് ഇസ്രാഈല്യനെ മർദിക്കുന്ന ഖിബ്ത്വിയെ പിടിച്ചുമാറ്റാനായിരുന്നു. കൈയേറ്റം ചെയ്യുന്നതിനും ഉഗ്രമായി പ്രഹരിക്കുന്നതിനും ബലമായി പിടിക്കുന്നതിനും بطش ഉപയോഗിക്കും. ഒടുവിലത്തേതാണ് ഇവിടെ ഉദ്ദേശിച്ച അർഥം. മറ്റർഥങ്ങളാണുദ്ദേശ്യമെങ്കിൽ മുൻ സംഭവത്തിൽ പറഞ്ഞതുപോലെ اراد ان يكز എന്നു പറയുമായിരുന്നുവല്ലോ. എല്ലാം അടക്കി ഭരിക്കുന്നവൻ, സ്വേഛാധികാരി, അനന്തരഫലം പരിഗണിക്കാതെ ആളുകളെ കൈയേറ്റം ചെയ്യുന്നവൻ എന്നെല്ലാം جبّار-ന് അർഥമുണ്ട്. ഒടുവിൽ പറഞ്ഞതാണ് ഇവിടെ ഉദ്ദേശ്യം. സംസ്കരണത്തിനും ഒത്തുതീർപ്പിനും ഉള്ള പ്രവർത്തനമായ اصلاح -ൽനിന്നുള്ള ബഹുവചന കർതൃപദമാണ് مصلحون. കലഹിക്കുന്നവർക്കിടയിൽ നീതിപൂർവം ഒത്തുതീർപ്പുണ്ടാക്കുന്ന സംസ്കരണ പ്രവർത്തകനാവുകയല്ല, പ്രത്യുത ആളുകളെ മേക്കിട്ടു കയറി ഗുണ്ടയാവുകയാണ് നിന്റെ ലക്ഷ്യമെന്നാണ് ഇസ്രാഈലി പറയുന്നത്. അയാൾ തന്റെ പ്രതിയോഗിയായ ഇസ്രാഈല്യനിൽനിന്ന് തലേന്നത്തെ സംഭവം അറിഞ്ഞിട്ടുണ്ടായിരിക്കണമെന്നും.

ഇതുകേട്ടതോടെ ഇന്നലത്തെ കൊലപാതകം നടത്തിയത് മൂസാ ആണെന്ന് ജനങ്ങൾക്ക് ഉറപ്പായി. വിവരം ഉടനെ കൊട്ടാരത്തിലെത്തി. ഫറവോനും പ്രമാണിമാരും ചേർന്ന് അദ്ദേഹത്തിനു വധശിക്ഷ വിധിക്കുകയും ചെയ്തു. ഇതൊക്കെയാണ് സംഭവിക്കുക എന്നറിയാവുന്നതുകൊണ്ട് മൂസാ

പിന്നീട് സ്വഭവനത്തിലേക്ക് പോയില്ല. വധശിക്ഷയിൽനിന്ന് രക്ഷപ്പെടാൻ വഴിയാലോചിച്ചുകൊണ്ട് തെരുവിൽ തന്നെ തങ്ങി.

ഇതിനിടെ ഒരാൾ ഓടിവന്ന് മൂസാ നബിയോട് പറഞ്ഞു: 'നാട്ടുമുഖ്യന്മാർ നിങ്ങളെക്കുറിച്ച് ആലോചിക്കാൻ ഉന്നതതല യോഗം ചേർന്നിരിക്കുകയാണ്. നിങ്ങളെ കൊന്നുകളയാനാണ് അവർ വിധിക്കുക. ഉടനെ ഈ നാട്ടിൽനിന്ന് പലായനം ചെയ്തുകൊള്ളുക. നിങ്ങളെ വിരട്ടാൻ വേണ്ടി വെറുതെ പറയുകയല്ല. നിങ്ങളുടെ നിസ്വാർഥനായ ഗുണകാംക്ഷിയായതുകൊണ്ട് ഉപദേശിക്കുകയാണ്.' ഇയാൾ വന്നത് أَقْصَى الْمَدِينَةِ-ൽനിന്നാണെന്ന് പറയുന്നു. നഗരത്തിന്റെ അറ്റം എന്നാണതിന്റെ ഭാഷാർഥം. നഗരപ്രാന്തമാണ് വിവക്ഷ. ചില വ്യാഖ്യാതാക്കളുടെ വീക്ഷണത്തിൽ രാജകൊട്ടാരവും പ്രഭുസഭയും എല്ലാം ഉൾപ്പെടുന്ന ഭരണസിരാകേന്ദ്രമാണ് أَقْصَى الْمَدِينَةِ. പണ്ടുകാലത്ത് ചില രാജാക്കന്മാർ കൊട്ടാരവും രാജധാനിയും പണിതിരുന്നത് തലസ്ഥാന നഗരത്തിന്റെ ഏതെങ്കിലും ഒരറ്റത്തായിരുന്നുവത്രെ. ശത്രുക്കളുടെ ആഗമനം അവർ നഗരത്തിലെത്തുന്നതിനു മുന്നേ അറിയുന്നതിനും അവരെ നഗരത്തിൽ പ്രവേശിക്കാനനുവദിക്കാതെ പ്രതിരോധിക്കാനും സൗകര്യപ്പെടുന്നതിനു വേണ്ടിയായിരുന്നുവത്രെ ഇത്.

സഭകൂടി കാര്യാലോചന നടത്തുന്നതിനാണ് يَأْتَمِرُ എന്നു പറയുക. ഭരണകൂടങ്ങളുടെ ഉന്നതതല സമ്മേളനത്തിന് مؤتمر എന്നു പറയും. إِنِّي لَكَ مِنَ النَّاصِحِينَ (ഞാൻ നിങ്ങളുടെ ഗുണകാംക്ഷികളിൽപെട്ടവനാകുന്നു) എന്നു എടുത്തു പറഞ്ഞതിന്റെ ഔചിത്യമിതാണ്. അന്ന് നിലനിന്നിരുന്ന ഇസ്രാഈലി-ഖിബ്ത്വി ബന്ധത്തിന്റെ പശ്ചാത്തലത്തിൽ ഒരു ഖിബ്ത്വി ഇസ്രാഈല്യന് രക്ഷാമാർഗം ഉപദേശിക്കുക ഇസ്രാഈല്യൻ പ്രതീക്ഷിക്കുന്ന കാര്യമല്ല. അങ്ങനെ വല്ലവരും ചെയ്യുന്നുവെങ്കിൽ അത് വെറുതെ തങ്ങളെ കബളിപ്പിക്കലും ഭയപ്പെടുത്തലുമായി തോന്നാൽ സാധ്യതയുണ്ടായിരുന്നു. തന്നെ അങ്ങനെ സംശയിക്കേണ്ട എന്നുണർത്തുകയാണ് ആഗതൻ. ഓടുന്നതിനും ക്ലേശകരമായ പ്രയത്നത്തിനും يَسْعَىٰ എന്നു പറയും. جاء يَسْعَىٰ -ഓടിക്കിതച്ചുവന്നു. സംഗതി സത്യവും അതീവ ഗുരുതരവുമാണെന്ന് ധ്വനിപ്പിക്കുകയാണീ പ്രയോഗം. ഇങ്ങനെ ഒരാൾ വന്ന് മൂസാ(അ)ക്ക് മുന്നറിയിപ്പു നൽകിയ കാര്യം ബൈബിൾ പരാമർശിക്കുന്നില്ല. രണ്ടാം ദിവസം അടിപിടികൂടിയത് രണ്ട് ഇസ്രാഈല്യർ തമ്മിലായിരുന്നു എന്നാണ് ബൈബിൾ പറയുന്നത്.

മൂസാ(അ)യോട് ഓടിപ്പോകാൻ ഉപദേശിച്ച മനുഷ്യന്റെ പേരോ വംശമോ ഖുർആൻ പറയുന്നില്ല. അയാൾ ഇസ്രാഈല്യൻ ആയിരുന്നുവെന്ന് ചില വ്യാഖ്യാതാക്കൾ പറയുന്നു. ചിലർ സത്യവിശ്വാസിയായ ഖിബ്ത്വിയായിരുന്നുവെന്നാണ് പറയുന്നത്.

അയാൾ ഫറവോന്റെ കുടുംബക്കാരനുമാണ്. തന്റെ സത്യവിശ്വാസം ഒളിച്ചുവെച്ചിരിക്കുകയായിരുന്നു. ചില നിവേദനങ്ങളിൽ ഇദ്ദേഹത്തിന്റെ പേര് ശിമോൻ എന്നും ചിലതിൽ ഹെസഖിയേൽ എന്നും പറഞ്ഞിരിക്കുന്നു. സംഭവം നടക്കുന്ന കാലത്ത് മൂസാ(അ)ക്ക് പ്രവാചകത്വം ലഭിച്ചിരുന്നില്ല. അതുകൊണ്ട് ആഗതൻ അദ്ദേഹത്തിൽ വിശ്വസിച്ച ശിഷ്യനാവാനിടയില്ല. ഇസ്രാഈല്യർ ഈജിപ്തിൽ ആഢ്യവർഗമായി വാണിരുന്ന കാലത്ത് ചില ഖിബ്ത്വികൾ അവരുടെ മതം സ്വീകരിക്കുകയും ക്രമേണ ഇസ്രാഈല്യരായിത്തീരുകയും ചെയ്യാറുണ്ടായിരുന്നു. ഇവിടെ സൂചിപ്പിക്കപ്പെട്ട വ്യക്തി അത്തരത്തിലൊരാളായിരിക്കാവുന്നതാണ്. മൂസാ(അ)ക്ക് പ്രവാചകത്വം ലഭിക്കുകയും അദ്ദേഹം ഫറവോന്റെ എതിരാളിയായി രംഗത്തുവരികയും ചെയ്ത ശേഷം സത്യാന്വേഷകരായ ചില ഖിബ്ത്വികൾ രഹസ്യമായി അദ്ദേഹത്തിൽ വിശ്വസിക്കുകയും നിർണായക ഘട്ടങ്ങളിൽ മൂസാ(അ)ക്കു വേണ്ടി വാദിക്കുകയും ചെയ്തതായി ഖുർആൻ സൂചിപ്പിക്കുന്നുണ്ട്.

وَقَالَ رَجُلٌ مُّؤْمِنٌ مِّنْ آلِ فِرْعَوْنَ يَكْتُمُ إِيمَانَهُ أَتَقْتُلُونَ رَجُلًا أَن يَقُولَ رَبِّيَ
اللَّهُ وَقَدْ جَاءَكُم بِالْبَيِّنَاتِ مِن رَّبِّكُمْ ۖ وَإِن يَكُ كَاذِبًا فَعَلَيْهِ كَذِبُهُ ۖ وَإِن يَكُ صَادِقًا
يُصِبْكُم بَعْضُ الَّذِي يَعِدُكُمْ ۖ إِنَّ اللَّهَ لَا يَهْدِي مَنْ هُوَ مُسْرِفٌ كَذَّابٌ ﴿٢٨﴾

(ഈ സന്ദർഭത്തിൽ ഫറവോൻ കുടുംബത്തിൽനിന്നുള്ള ഒരാൾ- അയാൾ തന്റെ സത്യവിശ്വാസം ഒളിച്ചുവെച്ചിരിക്കുകയായിരുന്നു- പറഞ്ഞു: എന്റെ വിധാതാവ് സാക്ഷാൽ ദൈവമാകുന്നു എന്നു പറഞ്ഞതിന്റെ പേരിൽ ഒരാളെ കൊന്നുകളയുകയോ? അതും അദ്ദേഹം വിധാതാവിങ്കൽനിന്നുള്ള പ്രമാണങ്ങളുമായി നിങ്ങളുടെ മുന്നിൽ വന്നിരിക്കെ? അദ്ദേഹം പറയുന്നത് കള്ളമാണെങ്കിൽ ആ കള്ളം തന്നെ അദ്ദേഹത്തെ തിരിച്ചടിച്ചുകൊള്ളും. മറിച്ച് അദ്ദേഹം പറയുന്നത് സത്യമാണെങ്കിലോ, അദ്ദേഹം താക്കീതു ചെയ്യുന്ന വിപത്തുകളിൽ ചിലത് തീർച്ചയായും നിങ്ങളെ ബാധിക്കുന്നതാകുന്നു. അതിരുവിട്ട കൊടും നുണയന്മാരായ ആരെയും അല്ലാഹു ലക്ഷ്യത്തിലേക്ക് നയിക്കുകയില്ല-40:28). ഒരുപക്ഷേ, ആത്മരക്ഷാർഥം ഈജിപ്ത് വിടാൻ മൂസാ(അ)യെ ഉപദേശിച്ച വ്യക്തി തന്നെയാവാം പിന്നീട് അദ്ദേഹത്തിനു വേണ്ടി വാദിച്ച സത്യവിശ്വാസിയായ ഈ മനുഷ്യൻ.

فَخَرَجَ مِنْهَا خَائِفًا يَتَرَقَّبُ قَالَ رَبِّ نَجِّنِي مِنَ الْقَوْمِ الظَّالِمِينَ ﴿٢١﴾

21. ഉടനെ അദ്ദേഹം ഭയചകിതനായി ചുറ്റും നിരീക്ഷിച്ചുകൊണ്ട് അവിടെനിന്ന് പുറപ്പെട്ടു. അദ്ദേഹം പ്രാര്‍ഥിച്ചു: 'എന്റെ നാഥാ, ഈ മര്‍ദകജനത്തില്‍നിന്ന് എന്നെ രക്ഷിക്കേണമേ.'

وَلَمَّا تَوَجَّهَ تِلْقَاءَ مَدْيَنَ قَالَ عَسَىٰ رَبِّي أَن يَهْدِيَنِي سَوَاءَ السَّبِيلِ ﴿٢٢﴾

22. അദ്ദേഹം മിദ്യാന്‍ ദിശയിലേക്ക് തിരിഞ്ഞപ്പോള്‍ ആത്മഗതം ചെയ്തു: എന്റെ നാഥന്‍ എന്നെ ശരിയായ വഴിക്ക് നയിക്കുമെന്ന് പ്രതീക്ഷിക്കാം.

**21,22**

فَخَرَجَ مِنْهَا = ഉടനെ അവിടെനിന്ന് അദ്ദേഹം പുറപ്പെട്ടു

خَائِفًا يَتَرَقَّبُ = ഭയചകിതനായി (ചുറ്റും നിരീക്ഷിച്ചുകൊണ്ട്) قَالَ = അദ്ദേഹം പറഞ്ഞു (പ്രാര്‍ഥിച്ചു)

رَبِّ نَجِّنِي = എന്റെ നാഥാ എന്നെ രക്ഷിക്കേണമേ مِنَ الْقَوْمِ الظَّالِمِينَ = ഈ മര്‍ദക ജനത്തില്‍നിന്ന്

وَلَمَّا تَوَجَّهَ = അദ്ദേഹം തിരിഞ്ഞപ്പോള്‍ تِلْقَاءَ مَدْيَنَ = മദ്‌യനു നേരെ (മിദ്യാന്‍ ദിശയിലേക്ക്)

قَالَ = അദ്ദേഹം പറഞ്ഞു (ആത്മഗതം ചെയ്തു)

عَسَىٰ رَبِّي أَن يَهْدِيَنِي = എന്റെ നാഥന്‍ എന്നെ നയിക്കുമെന്നു പ്രതീക്ഷിക്കാം سَوَاءَ السَّبِيلِ = ശരിയായ വഴിക്ക്

خَائِفًا يَتَرَقَّبُ -ന്റെ താല്‍പര്യം 18-ാം സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു. കൊട്ടാരത്തില്‍നിന്നെത്തിയ ഗുണകാംക്ഷിയുടെ ഉപദേശം സ്വീകരിച്ച് മൂസാ(അ) ഉടനെ പുറപ്പെട്ടു. ഫറവോന്റെ പോലീസുകാര്‍ തന്നെ പിന്തുടരുന്നുണ്ടോ എന്ന് ഭയത്തോടെ നിരീക്ഷിച്ചുകൊണ്ടും 'നാഥാ, ഈ മര്‍ദക ജനത്തിന്റെ പിടിയില്‍നിന്ന് എന്നെ രക്ഷിക്കേണമേ' എന്ന് പ്രാര്‍ഥിച്ചുകൊണ്ടുമായിരുന്നു അദ്ദേഹത്തിന്റെ പുറപ്പാട്. എങ്ങോട്ടു പോകണമെന്നോ എങ്ങനെ പോകണമെന്നോ ഒന്നും നിശ്ചയിച്ചുറച്ചുകൊണ്ടല്ല പുറപ്പെട്ടത്. ഈജിപ്തിന്റെ അതിര്‍ത്തി കടന്ന ശേഷം മിദ്യാന്‍ ദേശത്തിന്റെ ദിശയിലേക്ക് സഞ്ചരിക്കാന്‍ തീരുമാനിച്ചു. ഫലസ്ത്വീന്‍ പ്രദേശത്തെ അഖബാ ഉള്‍ക്കടലിന്റെ പടിഞ്ഞാറന്‍ തീരത്ത് അല്‍പം വടക്കോട്ടു മാറി തബൂക്കില്‍നിന്ന് അഖബായിലേക്കുള്ള മാര്‍ഗത്തിലാണ് മിദ്യാന്‍ സ്ഥിതി ചെയ്യുന്നത്. ഇന്ന് ഈ സ്ഥലം അല്‍ബിദ്അ് എന്നാണറിയപ്പെടുന്നതെന്ന് 1959-ല്‍ അവിടം സന്ദര്‍ശിച്ചിട്ടുള്ള മൗലാനാ മൗദൂദി തന്റെ തഫ്‌സീറില്‍ രേഖപ്പെടുത്തിയിരിക്കുന്നു.

ഇബ്‌റാഹീമി(അ)ന്റെ പുത്രന്‍ മിദ്യാനും (മദ്‌യന്‍) കുടുംബവും പാര്‍പ്പുറപ്പിച്ച സ്ഥലമാണിത്. തുടര്‍ന്ന് ആ സ്ഥലത്തിന് മിദ്യാന്‍ എന്നും അദ്ദേഹത്തിന്റെ വംശപരമ്പരക്ക് മിദ്യാനികള്‍ എന്നും പേരുവന്നു. മൂസാ നബിയുടെ പ്രപിതാവായ യഅ്ഖൂബി(അ)ന്റെ സഹോദരനാണല്ലോ മിദ്യാന്‍. ആ നിലക്ക് മൂസാ(അ)യും മിദ്യാനികളും തമ്മില്‍ വംശബന്ധമുണ്ട്. ഇതായിരിക്കാം മൂസാ(അ)യെ മിദ്യാനിലേക്ക് തിരിയാന്‍ പ്രേരിപ്പിച്ചതെന്ന് ചരിത്രകാരന്മാര്‍ അനുമാനിക്കുന്നു. മിദ്യാനില്‍ എവിടെ, ആരുടെ അടുത്താണ് എത്തേണ്ടതെന്ന് അപ്പോഴും നിശ്ചയമുണ്ടായിരുന്നില്ല. 'എന്റെ നാഥന്‍ എന്നെ ശരിയായ വഴിക്ക് തന്നെ നയിക്കു'മെന്നും ഏതെങ്കിലും സുരക്ഷിത സങ്കേതത്തിലെത്തിക്കുമെന്നും അല്ലാഹുവില്‍ പ്രതീക്ഷയര്‍പ്പിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുകയായിരുന്നു.

മൂസാ(അ)യുടെ പലായനം സംബന്ധിച്ച ഇസ്രാഈലീ കഥകളില്‍ ഇങ്ങനെ പറയുന്നുണ്ട്: അദ്ദേഹം ആദ്യം പലായനം ചെയ്തത് അബ്‌സീനിയയിലേക്കായിരുന്നു. അവിടെ രാജാവിന്റെ ഉറ്റ പാര്‍ശ്വവര്‍ത്തിയായി കുറേ വര്‍ഷങ്ങള്‍ ജീവിച്ചു. രാജാവ് മരിച്ചപ്പോള്‍ രാജ്ഞിയെ വിവാഹം ചെയ്യുകയും രാജാവായി നാല്‍പതാണ്ട് ആ രാജ്യം ഭരിക്കുകയും ചെയ്തു. നാലു പതിറ്റാണ്ട് കാലം രാജ്ഞിയോടൊത്തു കഴിഞ്ഞിട്ടും അവര്‍ തമ്മില്‍ ദാമ്പത്യബന്ധം പുലര്‍ത്തുകയുണ്ടായിട്ടില്ല. മക്കളുണ്ടാകാത്തതില്‍ നീരസപ്പെട്ട രാജ്ഞി വിവരം ജനങ്ങളെ അറിയിച്ചു. നാട്ടുകാര്‍ ആരാധിക്കുന്ന ദൈവങ്ങളെ അദ്ദേഹം ആരാധിക്കുന്നില്ലെന്ന് കുറ്റപ്പെടുത്തുകയും ചെയ്തു. ജനങ്ങള്‍ അദ്ദേഹത്തെ സ്ഥാനത്യാഗം ചെയ്യിച്ച് ധാരാളം പാരിതോഷികങ്ങള്‍ നല്‍കിക്കൊണ്ട് നാട്ടില്‍നിന്ന് യാത്രയാക്കുകയായിരുന്നു. തുടര്‍ന്നാണ് മൂസാ(അ) മിദ്യാനിലെത്തുന്നത്. ഖുര്‍ആനോ ബൈബിളോ ഇങ്ങനെ ഈ സംഭവങ്ങള്‍ പരാമര്‍ശിക്കുന്നില്ല. മാത്രമല്ല അദ്ദേഹത്തിന്റെ അബ്‌സീനിയന്‍ ജീവിതത്തെക്കുറിച്ച് പറയുന്ന കാര്യങ്ങള്‍ ചരിത്ര യാഥാര്‍ഥ്യങ്ങള്‍ക്ക് വിരുദ്ധവുമാകുന്നു.

മൂസാ(അ)യുടെ ഈ പലായനം പ്രവാചകത്വത്തിനു ശേഷം അദ്ദേഹവും സംഘവും ഈജിപ്തില്‍നിന്ന് നടത്തിയ പലായനത്തിന്റെ സ്വഭാവത്തിലുള്ളതല്ല. പ്രവാചകന്മാരുടെ പലായനത്തിന്റെ സമയവും ലക്ഷ്യവും മാര്‍ഗവുമെല്ലാം അല്ലാഹു നേരത്തേ നിര്‍ദേശിച്ചിട്ടുണ്ടായിരിക്കും. അഭൗതികമായ മാര്‍ഗദര്‍ശനങ്ങളൊന്നുമില്ലാതെ അല്ലാഹുവിന്റെ സംരക്ഷണത്തില്‍ പ്രതീക്ഷയര്‍പ്പിച്ചുകൊണ്ടുള്ളതായിരുന്നു മൂസാ(അ)യുടെ ഈ പ്രവാചകത്വപൂര്‍വ പലായനം. സത്യത്തിന്റെ മാര്‍ഗത്തില്‍ കൊടിയ പരീക്ഷണങ്ങളിലകപ്പെടുന്ന എല്ലാവര്‍ക്കും ഇതില്‍ വലിയ പാഠമുണ്ട്. അല്ലാഹുവില്‍ സര്‍വസ്വം സമര്‍പ്പിച്ചുകൊണ്ട് മുന്നോട്ടുപോകുന്നവരെ അവന്‍ കൈവിടില്ല എന്നതാണത്. അവരെ അവന്‍ ഏതെങ്കിലും സുരക്ഷിത സങ്കേതത്തിലെത്തിക്കും.